പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6123 — 10.7.2012-ൽ മറുപടിയ്ക്ക്

കൃഷിക്കാർക്ക് പെൻഷൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. അജിത് : | | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് കൃഷിക്കാർക്ക് വേണ്ടി നടപ്പാക്കുന്ന പെൻഷൻ പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; | (എ) | ചെറുകിട നാമമാത്ര കർഷക പെൻഷനുള്ള അപേക്ഷകൾ എല്ലാ കൃഷിഭവനുകളിലും 2012 ജൂൺ 15 വരെ സ്വീകരിച്ചിട്ടുണ്ട്. അർഹരായ കർഷകരുടെ ലിസ്റ്റ് , കാർഷിക വികസനസമിതിയുടെ അംഗീകാരം ലഭിച്ചതിനുശേഷം ജില്ലാ ഓഫീസുകളിൽ നിന്നും ക്രോഡീകരിച്ച് കിട്ടുന്ന മുറയ്ക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്. |
| (ബി) | ഏതെങ്കിലും ജില്ലകളിൽ ഇതിന്റെ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു ജില്ലയിലാണ്; വെളിപ്പെടുത്തുമോ; | (ബി) | എല്ലാ കൃഷിഭവനുകളിലും 2012 ജൂൺ 15 വരെ സ്വീകരിച്ചിട്ടുണ്ട്. കാർഷിക വികസനസമിതി കൂടി അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ കൃഷി ഭവനുകളിൽ സ്വീകരിച്ചു വരികയാണ്. |
| (സി) | ഇതുവരെ എത്ര കർഷകർ ഇതിനായി രജിസ്ററർ ചെയ്യിട്ടുണ്ട് എത്ര കർഷകർക്ക് പെൻഷൻ നൽകി; വിശദാംശം ലഭ്യമാക്കുമോ | (സി) | ആകെ 2,12,381 (രണ്ട് ലക്ഷത്തി പന്ത്രണ്ടായിരത്തി മുന്നൂറ്റി എൺപത്തിയൊന്ന്) കർഷകർ കൃഷി ഭവനുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പെൻഷൻ നൽകി തുടങ്ങിയിട്ടില്ല. അർഹരായ കർഷകരുടെ ലിസ്റ്റ് ജില്ലാ ഓഫീസുകളിൽ നിന്നും ക്രോഡീകരിച്ച് കിട്ടുന്ന മുറയ്ക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ